പട്രോളിംഗ്, മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

**71 (1667) തടവുപുള്ളികളുടെ നിരാഹാരം**

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ജൂലൈ മാസത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുപുള്ളികൾ നിരാഹാരം കിടന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേരാണ് ഇങ്ങനെ നിരാഹാരം കിടന്നത്;

(സി) ഇവർ എത്രവർഷം തടവുകാലം പൂർത്തിയാക്കിയവരാണ്;

(ഡി) കേരളത്തിലെ ജയിലുകളിൽ 8 വർഷത്തിൽ കൂടുതൽ തടവ് അനുഭവിച്ച എത്ര തടവുകാർ ഉണ്ട്; ഓരോരുത്തരുടെ പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും, ജില്ല തിരിച്ച് വിശദമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനൊന്ന് പേർ

(സി) 8 വർഷത്തിലധികം ശിക്ഷ പൂർത്തിയാക്കിയവരാണ്.

(ഡി) 8 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ അനുഭവിച്ച 144 തടവുകാർ ഉണ്ട്. ഇവർ ഓരോരുത്തരുടെയും പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും ജില്ലയും തരംതിരിച്ച് വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

**72 (1668) ഇലവുമരം മോഷണം പോയ സംഭവം**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽപ്പെട്ട മുണ്ടക്കയം പോലീസ്സ്റ്റേഷൻ അതിർത്തിയിൽ വേലത്തിലംഭാഗത്ത് പുല്ലനയാർ തീരത്ത് പഞ്ചായത്ത് വക സ്ഥലത്ത് നിന്നിരുന്ന ഇലവുമരം മോഷണം പോയത് സംബന്ധിച്ച പഞ്ചായത്തധികൃതർ നൽകിയ പരാതി അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; ആരെല്ലാമാണ്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) മോഷണം പോയ ഇലവുതടി കസ്റ്റഡിയിൽ എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) കേസ്സന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) പൊതുമുതൽ മോഷ്ടിക്കപ്പെട്ടത് പിടികൂടാനും കേസ്സ് ശക്തമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി)-(ഇ) പ്രസ്തുത മരം നിന്നിരുന്ന സ്ഥലത്തെക്കുറിച്ച് ഒരു തർക്കം നിലനിന്നിരുന്നതിനാൽ ഈ കേസ്സ് സിവിൽ സ്വഭാവമുള്ളതാണെന്ന അഭിപ്രായം നിലവിലുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**73 (1669) ക്രൈം റിക്കാർഡ്സ് ബ്യൂറോ റിപ്പോർട്ട്**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച കണക്കിനെ സംബന്ധിച്ചിടത്തോളം കേരളത്തെ സംബന്ധിക്കുന്ന വിവരങ്ങൾ സംസ്ഥാനത്ത് നിന്ന് ഔദ്യോഗികമായി നൽകിയതാണോ;

(ബി) ആണെങ്കിൽ ഏത് അധികാരസ്ഥനാണ് പ്രസ്തുത കണക്ക് നൽകിയത്;

(സി) കേരളത്തിൽനിന്ന് ഔദ്യോഗികമായി നൽകാത്ത കണക്കാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെങ്കിൽ അത് തിരുത്തിക്കുവാനും തിരുത്തിയ വിധത്തിലുള്ള കണക്ക് പ്രസിദ്ധീകരിക്കുവാനും ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു?

ഉത്തരം

(എ&ബി) സ്റ്റേറ്റ് ക്രൈംസ് റിക്കാർഡ്സ് ബ്യൂറോയിലെ അഡീഷണൽ ഡയറക്ടർജനറൽ ഓഫ് പോലീസ് ഔദ്യോഗികമായി നൽകിയതാണ്.

(സി) ഉദിക്കുന്നില്ല.

**74 (1670) ജയിൽപുള്ളികൾ തമ്മിലുള്ള സംഘട്ടനം**

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ജയിലുകളിൽ ജയിൽപുള്ളികൾ തമ്മിൽ സംഘട്ടനം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ജയിലുകളിലാണ് സംഘട്ടനങ്ങൾ ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly